# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.84/2024 തിരുവനന്തപുരം, തീയതി: 16/04/2024

## പത്രക്കുറിപ്പ്

### പരീക്ഷാത്തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപന കേന്ദ്രം 2024 ഏപ്രിൽ 19 ന് നടത്താനിരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ Paper II - Library Classification & Cataloguing (Theory) പരീക്ഷ 2024 ഏപ്രിൽ 20 ന് രാവിലെ 10 മണി മുതൽ 12 മണി വരെ നടത്തുന്നു. പരീക്ഷ കേന്ദ്രത്തിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

### വൈവവോസി

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എ. മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ഏപ്രിൽ 2024 ഡിഗ്രി പരീക്ഷയുടെ വൈവവോസി പരീക്ഷ 2024 ഏപ്രിൽ 30 ന് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക്. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ശാഖയുടെ പ്രാക്ടിക്കൽ പരീക്ഷ (2008 & 2013 സ്കീം) 2024 ഏപ്രിൽ 29 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യൂ.) (315) ഏപ്രിൽ 2024 പ്രോഗ്രാമിന്റെ വൈവവോസി (പ്രാക്ടിക്കൽ ആന്റ് പ്രോജക്ട്) പരീക്ഷ 2024 ഏപ്രിൽ 29 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഏപ്രിൽ 29 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ (2021 അഡ്മിഷൻ & 2021 അഡ്മിഷന് മുൻപ്) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്സി./ബി.കോം. പരീക്ഷയോടനുബന്ധിച്ച് NCC & Sports വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ പരീക്ഷകൾ 2024 ഏപ്രിൽ 22 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| *University information is available on* **9188526670, 9188526671, 9188526674, 9188526675** <br> **Whats App No. 8547330240** |